# വയനാടൻ വനസംസ്കൃതി കുറ്റകൃത്യങ്ങളുടെ താവളമാകുന്നു

സി.ഡി.സുനീഷ്

വയനാടൻ വനമേഖല കുറ്റകൃത്യങ്ങളുടെ താവളമാകുന്നു; ആസൂത്രിതമായ കൊലപാതകങ്ങൾ, നായാട്ട്, വനംകൊള്ള, ആനവേട്ട, വാറ്റുചാരായ നിർമാണം, മയക്കുമരുന്ന് കള്ളക്കടത്ത് എന്നിവയ്ക്കുള്ള സുരക്ഷിതമായ കേന്ദ്രങ്ങളായാണ് കർണാടക തമിഴ്നാട് സംസ്ഥാനാതിർത്തിയോട് ചേർന്നുകിടക്കുന്ന ഈ പ്രദേശങ്ങളെ കുറ്റവാളികൾ പ്രയോജനപ്പെടുത്തുന്നത്.

ആനകളുടെ ദാരുണമായ കൊലപാതകങ്ങളും കൊമ്പുവേട്ടയും വയനാടൻ കാടുകളിൽ സാധാരണ സംഭവമായിരിക്കുന്നു. പുൽപ്പള്ളിക്കടുത്ത പ്രമുഖ ആനത്താരയായ കാക്കനംകോട്ട വനമേഖല ആനകളുടെ ശവപ്പറമ്പായിരിക്കുകയാണ്. ദക്ഷിണേന്ത്യയിലെ തന്നെ ഏറ്റവും വലിയ ആനസങ്കേതമായ ഇവിടെയാണ് 19-ാം നൂറ്റാണ്ടിൽ ജി.പി.സാന്റേഴ്സൺ ആനയെ പിടിക്കാനുള്ള ഖെദ്ദകൾ ഒരുക്കിയത്.

ആനപിടിത്തം നിരോധിച്ചതോടെ ആനകളുടെ വംശം ഗണ്യമായി വർധിച്ചെങ്കിലും പരിചയസമ്പന്നരായ വെടിക്കാർ ആസൂത്രിതമായ ആനവേട്ട നടത്തിവരികയാണ്.

കാക്കനംകോട്ടയ്ക്കു പുറമേ തോൽപ്പെട്ടി വനാതിർത്തിയിലെ കൈമരവും മാസ്തിശുദ്ധിയുമാണ് ഇവിടുത്തെ പ്രധാന ആനത്താവളങ്ങൾ. ഈ പ്രദേശങ്ങൾ കേന്ദ്രീകരിച്ചാണ് കുറ്റവാളികളുടെ വനമാഫിയ പ്രവർത്തിക്കുന്നത്.

വാറ്റുചാരായ നിർമാണം തകൃതിയായി നടക്കുന്ന ഈ പ്രദേശത്ത് വാറ്റുകാർ ആനകളെ വിഷംകൊടുത്ത് ക്രൂരമായി കൊല്ലുന്നത് വിനോദമാക്കിയിരിക്കുന്നു.

1996ൽ മൂന്നു ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലുമായി 51 ആനകളെ കൊന്നതായി ബാംഗളൂരിലുള്ള ഏഷ്യൻ ആനകളുടെ സംരക്ഷണ കേന്ദ്രത്തിന്റെ പഠനത്തിൽ പറയുന്നു. 1000 പിടിയാനയ്ക്ക് അഞ്ച് കൊമ്പൻ എന്ന അനുപാതത്തിലേക്ക് കൊമ്പനാനകളുടെ എണ്ണം കുറഞ്ഞിട്ടുണ്ട്.

വേനലിന്റെ മൂർധന്യത്തിൽ ആനകൾക്കു പിടികൂടുന്ന രോഗങ്ങൾ ഇവയുടെ നിലനിൽപ്പിന് മറ്റൊരു ഭീഷണിയാണ്. ഈ രോഗങ്ങളെ പ്രതിരോധിക്കുന്നതിനോ സംരക്ഷിക്കുന്നതിനോ ഒരു സംവിധാനവും വനംവകുപ്പിനില്ല. പോസ്റ്റുമോർട്ടം, ഫോറൻസിക് പരിശോധന എന്നിവ നടത്താനും ഇവിടെ സംവിധാനങ്ങളില്ല. ആനകളുടെ മരണകാരണങ്ങൾ അറിയാനുള്ള ലാബ് പരിശോധനയുടെ റിപ്പോർട്ടുകൾ മാസങ്ങൾ കഴിഞ്ഞാണ് ലഭ്യമാകുന്നത്.

ബത്തേരിക്കടുത്ത് മുത്തങ്ങക്കാടുകളിലും ആനവേട്ടയും വനംകൊള്ളയും രൂക്ഷമായി വരികയാണ്. ഈ മേഖല കേന്ദ്രീകരിച്ചാണ് ചാരായ മയക്കുമരുന്ന് മാഫിയ പ്രവർത്തിക്കുന്നത്.

നിയമത്തിന്റെ പഴുതുകളിലൂടെ കുറ്റവാളികൾ രക്ഷപ്പെടുകയാണ്. വന്യജീവി വാരാഘോഷത്തിന്റെ ഉത്സവങ്ങളിലെ വാചകകസർത്തായി ജന്തുസംരക്ഷണവും വനസംരക്ഷണവും മാറുകയാണിവിടെ.

കർണാടക അതിർത്തിയിലെ ഗഞ്ചനഹള്ളയിൽ വനംകൈയേറ്റക്കാരും വനപാലകരും പോലീസുമടങ്ങിയ

ശേഷം 5-ാം പേജിൽ